LIBRARY ARCHIVES Kerala Legislative Assembly

ഐ.എ.വൈ. പദ്ധതി

8 (1479) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ. പദ്ധതിപ്രകാരം 2011-12 മുതൽ 2014-15 വരെ അനുവദിച്ച വീടുകൾ എത്രയെന്നും അതത് വർഷത്തെ ഫണ്ടിൽ പൂർത്തിയാക്കിയ വീടുകളുടെ എണ്ണവും വ്യക്തമാക്കുമോ;

(ബി) നിർമ്മാണം അതത് വർഷം പൂർത്തീകരിക്കാൻ കഴിയാതെ തുടർന്നുള്ള വർഷങ്ങളിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പാക്കിയതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകാനുള്ള കുടിശ്ശിക എത്ര രൂപയാണ് ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പദ്ധതിയുടെ കുടിശ്ശികതീർക്കുന്നതിന് ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്ന നടപടികൾ ഏതുവരെയായി; വായ്പ അനുവദിച്ചോ; എത്ര തുകയാണ് അനുവദിച്ചത്?

ഉത്തരം

(എ) ഐ.എ.വൈ.-യുടെ മാനദണ്ഡപ്രകാരം ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് 18 മാസത്തെ സമയം അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഓരോ വർഷവും പൂർത്തിയാക്കുന്ന വീടുകളുടെ എണ്ണം സ്റ്റിൽ ഓവർ ഉൾപ്പെടെയാണ് കണക്കാക്കുന്നത്.

വർഷം	അനുവദിച്ച വീടുകളുടെ എണ്ണം	പൂർത്തീകരിച്ചവീടുകളുടെ എണ്ണം
2011-12	54717	43255
2012-13	44902	35010
2013-14	42125	34143
2014-15	51261	1228

(ബി)

വർഷം	തൻവർഷംപൂർത്തിയാക്കാത്ത വീടുകളുടെ എണ്ണം	പൂർത്തീകരിച്ച വീടുകളുടെ എണ്ണം (31-10-2015 വരെയുള്ള കണക്കുകൾ പ്രകാരം)
2011-12	11462	9031
2012-13	9892	5714
2013-14	7982	126
2014-15	50033	25765

(സി) ഐ.എ.വൈ. വീടുകളുടെ യൂണിറ്റ് കോസ്റ്റ് പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2.5 ലക്ഷം രൂപയായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകാമെന്ന് വാഗ്ദാനം ചെയ്തിരുന്ന തുകയിൽ 2011-12 മുതൽ 2014-15 വരെയുള്ള കുടിശ്ശിക നൽകുന്നതിനായി 2015 ഒക്ടോബർ മാസം വരെ 326 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിനുശേഷം, സംസ്ഥാന അധിക ധനസഹായമായി നൽകാനുള്ള അവശേഷിക്കുന്ന തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

വർഷം	ഇനി നൽകാൻ അവശേഷിക്കുന്ന സംസ്ഥാന അധിക ധനസഹായം (തുക ലക്ഷത്തിൽ)
2011-12	7966.64
2012-13	2088.644
2013-14	2702.71
2014-15	11903.216
	24661.214

LIBRARY ARCHIVES Kerala Legislative Assembly

അധിക ധനസഹായമായി നൽകാൻ അവശേഷിക്കുന്ന ടി 246.612 കോടി രൂപയിൽ 150 കോടി രൂപ 2015 നവംബർ മാസം 28-ാം തീയതി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ 80 ശതമാനം വിനിയോഗം ആകുന്ന മുറയ്ക്ക് ശേഷിക്കുന്ന 96.612 കോടി രൂപ അനുവദിക്കുന്നതാണ്.

(ഡി) ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള തീരുമാനം പിൻവലിക്കുകയും പകരം അധിക ധനസഹായം നൽകുന്നതിനായി സംസ്ഥാന സർക്കാർ 500 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ 300 കോടി രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഈ 300 കോടി രൂപയുടെ 80% വിനിയോഗിക്കുന്ന മുറയ്ക്ക് അടുത്ത ഗഡു അനുവദിക്കുന്നതാണ്.

പി.എം.ജി. എസ്.വൈ.

9 (1480) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം പി.എം. ജി. എസ്. വൈ. പ്രകാരം എന്ത് തുക വീതം ഓരോ വർഷം കേന്ദ്രസർക്കാരിൽ നിന്നും അനുവദിച്ചിട്ടുണ്ട്;

(ബി) ഓരോ വർഷവും അനുവദിക്കപ്പെട്ട തുകയിൽ എന്ത് തുക വീതം ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ)

വർഷം	അനുവദിച്ച തുക (കോടി രൂപയിൽ)
2011-12	200.000
2012-13	0.000
2013-14	0.000
2014-15	150.000
2015-16	54.749

LIBRARY ARCHIVES Kerala Legislative Assembly